ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഒരു ക്ലിപ്തകാലാവധിക്കുള്ളിൽ ഇത് നടപ്പിൽ വരുത്താൻ നിർദ്ദേശം കൊടുക്കുമോ? പല കാര്യങ്ങളിലും ഇത്തരത്തിലുള്ള കാലതാമസം വരുത്തിയിട്ടുണ്ടെന്നുള്ളത് മനസ്സിലാക്കി എത്രയും വേഗം നടപ്പിൽ വരുത്താൻ വേണ്ട നടപടിയെടുക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: അതാണ് ഞാൻ പറഞ്ഞത്. ഇത്രയും കാലമായിട്ടും വേണ്ട വേഗത കാണാത്തതുകൊണ്ടാണ് കുറെക്കൂടെ ശക്തമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചത്. 1975-ൽ ബോർഡിനു നിർദ്ദേശം കൊടുത്തപ്പോഴും മൂന്നുവർഷം വേണ്ടിവരും ഈ പ്ലാൻ സ്ഥാപിക്കാൻ എന്നാണ് പറഞ്ഞത്. അപ്പോഴും, അത്രയും കാത്തിരിക്കുന്നത് ശരിയല്ലെന്നുപറഞ്ഞുകൊണ്ടാണ് ആഴക്കടലിൽ തള്ളാൻ ഇടക്കാല നിർദ്ദേശം കൊടുത്തത്. ഇതൊക്കെ വേണ്ട രീതിയിൽ നടപ്പാക്കാൻ കഴിയാത്തതിന് പല കാരണങ്ങളും കമ്പനിക്ക് പറയാനുണ്ട്. ഏത് കാരണത്തിന്റെ അടിസ്ഥാനത്തിലും ഇനി ഇതുനടപ്പിൽ വരുത്താതിരിക്കാൻ പാടില്ലെന്നുള്ള ഉദ്ദേശത്തിലാണ് 30-3-1979-ൽ ബോർഡ് വീണ്ടും സ്ഥലം സന്ദർശിക്കുകയും അവസാനതീരുമാനമെടുക്കുകയും ചെയ്തത്.

ശ്രീ. പി. പി. എസ്തോസ്: പല ഫാക്ടറികളിൽ നിന്നുമുള്ള മലിനജലത്തെക്കുറിച്ച് ഇവിടെ പലപ്പോഴും പറയാറുള്ളതാണ്. റബ്ബർ പ്രോസസിംഗ് ഫാക്ടറീസ് നാട്ടുംപുറങ്ങളിൽ സാർവ്വത്രികമായി ഉണ്ടാകുന്നു. റബ്ബർപ്രോസസിംഗ് ഫാക്ടറിയിൽ നിന്ന് മലിനജലം കാരണം മൂവാറ്റുപുഴയിൽ നൂറേക്കറിൽപ്പരം വരുന്ന കൃഷിനശിച്ചു. വാട്ടർ പൊല്യൂഷൻ ബോർഡിന്റെ കൺട്രോൾ സ്റ്റേറ്റ് വ്യാപകമാക്കാനും ഇത്തരത്തിലുള്ള ചെറിയ ഫാക്ടറികളിൽ നിന്നുപോലും മലിനജലം പുറത്തേക്കു വിടുന്നത് തടയാനും ഇന്ന് എന്തെങ്കിലും നിയമം നിലവിലുണ്ടോ? ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു റെസ്ട്രിക്ഷൻ കൊണ്ടുവരുന്നതിന് എന്തെങ്കിലും അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: സ്റ്റേറ്റ് ബോർഡിന്റെ പ്രവർത്തന പരിധി സ്റ്റേറ്റൊട്ടാകെ ബാധകമാണ്. ചെറിയചെറിയ ഫാക്ടറികളെക്കുറിച്ചുള്ള കംപ്ലെയിന്റ്സ് ഗവൺമെന്റിന് കിട്ടുന്നുണ്ട്. അത് തീർച്ചയായിട്ടും ബോർഡ് പരിശോധിക്കും.

ശ്രീ. ആർ. എസ്. ഉണ്ണി: ഈ രണ്ടു പ്രോജക്ട് റിപ്പോർട്ടുകളും എന്നാണ് ഗവൺമെന്റിന് കിട്ടിയത്? ഇതിൽ ഏത് പ്രോജക്ട് നടപ്പാക്കുന്നതാണ് ഭേദം എന്നുള്ളതാലോചിച്ചിട്ടുണ്ടോ, തീരുമാനിച്ചിട്ടുണ്ടോ? ഏതാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്, എന്നത്തേക്കു നടപ്പാകും?

ശ്രീ. കെ. പി. പ്രഭാകരൻ: അതിന്റെ വ്യക്തമായ ഉത്തരം ഇപ്പോൾ കൈവശമില്ല. കമ്പനിയാണ് റിപ്പോർട്ട് വരുത്തിയിട്ടുള്ളത്. ഗവൺമെന്റിന്റെ കൈയിൽ ഇപ്പോൾ ആവശ്യമായ വിവരമില്ല.

ഓട്ടോമാറ്റിക് ട്രാഫിക് സിഗ്നൽ

*819 [886] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങളിൽ ഓട്ടോമാറ്റിക് ട്രാഫിക് സിഗ്നൽ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ.കെ. നാരായണക്കുറുപ്പ്):

(എ) സംസ്ഥാനത്ത് കോട്ടയം പട്ടണത്തിലും കോഴിക്കോട് നഗരത്തിലും ഓട്ടോമാറ്റിക് ട്രാഫിക് സിഗ്നൽ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ആലോചിക്കാം.

ശ്രീ. പി. ആർ. ഫ്രാൻസിസ്: എറണാകുളത്ത് വേണ്ടെന്നുവച്ചതായിട്ടാണറിവ്. ഇല്ലാത്ത സ്ഥലത്ത് വേഗം നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ, കെ. നാരായണക്കുറുപ്പ്: മറ്റൊരു സ്ഥലത്തുമില്ല. ഇവിടെ രണ്ട് സ്ഥലത്തേ ഉള്ളൂ. ബാക്കിയുള്ള സ്ഥലങ്ങളുടെ കാര്യം ആലോചിക്കാം.

ശ്രീ. കെ.പി.നൂറുദ്ദീൻ: മറ്റു സംവിധാനങ്ങളെക്കാൾ പ്രയോജനകരമാണ് ഇതെന്ന് രണ്ടു സ്ഥലത്തെ അനുഭവത്തിൽനിന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അടിയന്തിരമായി മറ്റു സ്ഥലത്തേക്കുകൂടി വ്യാപിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതിനുവേണ്ട നിർദ്ദേശം പോലീസിനു കൊടുത്തിട്ടുണ്ട്. പോലീസ് ഡിപ്പാർട്ടുമെൻറാണ് ഏർപ്പെടുത്തുന്നത്. ചില പ്രദേശങ്ങളിൽ ബുദ്ധിമുട്ടായി കണ്ടു. എന്തെന്നാൽ പെട്ടെന്ന് കേടു വരുന്നു. അതുകാരണം കൂടുതൽ ബുദ്ധിമുട്ടിനിടയാകുന്നതുകൊണ്ട് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കണമോ എന്നുള്ള സംശയം ഇടക്കാലത്തുണ്ടായിരുന്നു. എങ്കിലും ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: ഇതിനുവേണ്ടി എത്ര രൂപയാണ് ചെലവു വഴിക്കുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതിന്റെ കണക്ക് ഇപ്പോൾ കൈവശമില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ, ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻ നമ്പർ 2-ന്റെ മറുപടി ലഭിച്ചിട്ടില്ല. ഞാനാണ് ചോദ്യത്തിന് നോട്ടീസ് കൊടുത്തത്. അതിന്റെ നടപടി ഇനിയെന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): മുഖ്യമന്ത്രിക്കുള്ള ചോദ്യമാണ്; നാളെ ഉത്തരം പറയും. ആശയം വേണമെങ്കിൽ ഞാൻ പറയാം.

മി. സ്പീക്കർ: വേണ്ട.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇന്നു ചോദിച്ചതിന് ഇന്നുത്തരം പറയണം. നാളെ ചോദിക്കുന്നതിന് നാളെ ഉത്തരം പറയണം. അല്ലാതെ ഇന്നു ചോദിക്കുന്നതിന് നാളെയാണോ ഉത്തരം പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly